## ടെറ്റനസ്

ആടുകളിൽ കൂടുതലായി കാണപ്പെടുന്ന ഈ രോഗം ക്ലോസ്റ്ററീടിയം ടെറ്റനി എന്ന ബാക്റ്റീരിയവഴിയാണ് വരുന്നത്. തുരുമ്പുവന്ന സാമഗ്രികളിൽ നിന്നുമുണ്ടാകുന്ന ആഴത്തിലുള്ള മുറിവിലൂടെയാണ് ഈ ബാക്റ്റീരിയ ദേഹത്ത് പ്രവേശിക്കുക.

**ലക്ഷണങ്ങൾ:** പേശികൾക്ക് നിരന്തരമായ വലിച്ചിൽ / കോച്ചിപിടിക്കൽ അനുഭവപ്പെടുക, ആടുകൾ ദേഹം വലിച്ചു പിടിച്ച് നിൽക്കുന്നതായും, ശബ്ദത്തോടും മറ്റും അസ്വഭാവികമായി പ്രതികരിക്കുന്നതായും കാണുന്നു. ഈ രോഗം ബാധിച്ചുകഴിഞ്ഞാൽ ശ്വാസകോശപേശികളുടെ കോച്ചിപിടിത്തം നിമിത്തം, ശ്വാസംമുട്ടിയാണ് മൃഗങ്ങളിൽ മരണം സംഭവിക്കുക.

## പി. പി. ആർ. (Pestedes petits ruminants)

ആടുകളിൽ വളരെ വേഗത്തിൽ പടരുന്ന ഒരു സാംക്രമികരോഗമാണിത്. രോഗം ബാധിച്ചവയുമായി അടുത്തിടപഴകലാണ് രോഗം പകരുന്നതിനുള്ള പ്രധാന കാരണം.

**ലക്ഷണങ്ങൾ :** പനി, തൂങ്ങിനിൽക്കുക, മൂക്കൊലിപ്പ്, വയറിളക്കം എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ. നാസാരന്ധ്രങ്ങളിലും, വായിലും, നാവിലുമുള്ള തൊലി പോയിരിക്കുന്നതായും കാണാം. രോഗം ബാധിച്ച ആടുകൾ ക്രമേണ ക്ഷീണിച്ച്, ശ്വാസകോശസംബന്ധമായതോ, അല്ലെങ്കിൽ ദേഹത്തെ ജലാംശം കുറഞ്ഞത് മൂലമോ മരണപ്പെടുന്നു.

**തയ്യാറാക്കിയത്**

*ഡോ. ബിമൽ. പി. ബഷീർ, ഡോ. തിരുപ്പതി വെങ്കിടാചലപതി,*
*ഡോ.* ജമുന വത്സലൻ, *ഡോ.* ഉപാസന രത്നാകരൻ
*ഡോ.* സുനിത തോമസ്

പ്രസിദ്ധീകരണം

അസോസിയേറ്റ് പ്രൊഫസർ & ഹെഡ്
**യൂണിവേഴ്സിറ്റി ഗോട്ട് & ഷീപ്പ് ഫാം മണ്ണുത്തി 680 651**
Email: goatandsheepf@kvasu.ac.in

# കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി

# ആടുകളുടെ ആരോഗ്യം



എ. ഐ. സി. ആർ. പി. ഓൺ ഗോട്ട് ഇംപ്രൂവ്മെന്റ് (മലബാറി)

*സെന്റർ ഫോർ ആൻഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ ആനിമൽ ജനട്ടിക്സ് ആൻഡ് ബ്രീഡിങ്ങ്,* **കോളേജ് ഓഫ** വെററററിനറി **ആൻഡ് അനിമൽ സയൻസസ് മണ്ണുത്തി, ത്രിശ്ശൂർ, കേരളം 680 651**

# ആടുകളുടെ ആരോഗ്യം

സാധരണഗതിയിൽ നോക്കുമ്പോൾ രോഗപ്രതിരോധശേഷി വളരെ കൂടുതലുള്ള ഒരു വളർത്തുമൃഗമാണ് ആട്. എന്നാൽ ആട്ടിൻ കുട്ടികളുടെ പരിപാലനത്തിലെ അനാസ്ഥമൂലം, ഇന്ന് പല ഫാമുകളിലും ആട്ടിൻ കുട്ടികളുടെ മരണനിരക്ക് ഉയർന്നു നിൽക്കുന്നു. ചിട്ടയോടുകൂടെയുള്ള പരിപാലനമുറകൾ പാലിച്ചാൽ ഇത് നിയന്ത്രിക്കാവുന്നതേയുള്ളു. കൂടിൻെറ ശുചീകരണം, വായുസഞ്ചാരം, വൃത്തി എന്നീഘടകങ്ങൾ ലക്ഷ്യമിട്ടാൽ തന്നെ ഒരു പരിധിവരെ രോഗങ്ങൾ വരാതെ മുന്നോട്ടുപോകാനാകും. ആട്ടിൻ കുട്ടികളുടെ ആഹാരക്രമവും, കന്നിപ്പാൽ കുടിയും, വിരയിളക്കലും അത്യന്തം പ്രാധാന്യമർഹിക്കുന്നു. ആട്ടിൻ കുട്ടികൾ 3 മാസം എത്തും വരെയെങ്കിലും അവയ്ക്ക് വളരെയേറെ പരിചരണം ആവശ്യമാണ്. സാധാരണയായി കണ്ടുവരുന്ന രോഗങ്ങളും അവയുടെ ലക്ഷണങ്ങളും ചുവടെ ചേർക്കുന്നു.

## കോളിബാസില്ലോസിസ്

പതിനഞ്ചുദിവസത്തിൽ താഴെ പ്രായമുള്ള ആട്ടിൻകുഞ്ഞുങ്ങളെ ബാധിക്കുന്ന ഒരു പ്രധാന അസുഖമാണിത്. കന്നിപ്പാൽ ലഭിക്കാത്ത ആട്ടിൻ കുഞ്ഞുങ്ങളെയാണ് ഈ അസുഖം പൊതുവെ ബാധിക്കാറുള്ളത്. വൃത്തിഹീനമായ പരിസരവും, വെള്ളവും, തീറ്റയുമാണ് ഈ അസുഖം പിടിപെടാനുള്ള മുഖ്യകാരണം.

കടുത്തവയറിളക്കം, ഉന്മേഷക്കുറവ് എന്നിവയാണ് പ്രധാന രോഗലക്ഷണങ്ങൾ. പൊതുവെ മഞ്ഞനിറത്തിലുള്ള കാട്ടം, ചിലപ്പോഴൊക്കെ രക്തം കലർന്ന വയറിളക്കം എന്നീ ലക്ഷണങ്ങളും ഉണ്ടാകാറുണ്ട്. കന്നിപ്പാൽ നൽകുന്നത് വഴി ഈ രോഗം ഒരു പരിധി വരെ തടയാം. നല്ല വയറിളക്കമുള്ളവക്ക് ഒ. ആർ. എസ് ലായനി കലക്കിനൽകാവുന്നതാണ്.

## എൻെററോടോക്സീമിയ

ഇത് കൂടുതലായും 6 മാസത്തിൽ താഴെയുള്ള ആട്ടിൻ കുട്ടികളിലാണ് കാണപ്പെടുന്നത്. പെട്ടെന്നുള്ള വയറുവേദന, വിശപ്പില്ലായ്മ, എന്നിവയാണ് രോഗലക്ഷണങ്ങൾ. ആദ്യഘട്ടത്തിൽ മലബന്ധം, പിന്നീട് കറുത്ത നിറത്തോടെയുള്ള വയറിളക്കമായി പരിണമിക്കുന്നു. ഇത് പിന്നീട് രക്തം കലർന്ന നിലയിലുമാകാം. വളരെ പെട്ടെന്ന് മരണം സംഭവിക്കുന്ന ഒരു മാരകരോഗമാണിത്. ഇതിന് പ്രതിരോധകുത്തിവെപ്പ് ഫലപ്രദമാണ്.

## ബ്രൂസെല്ലോസിസ്

ഗർഭകാലത്തിൻെറ മൂന്നാം പാദത്തിൽ (100 മുതൽ 145 ദിവസം വരെ) സംഭവിക്കുന്ന ഗർഭമലസൽ ഈ അസുഖത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നു. മുട്ടന്മാരിൽ ഈ രോഗം വന്ധ്യതയ്ക്ക് കാരണമാകുന്നു. പെട്ടെന്ന് പകരുന്ന ഈ അസുഖം ഏറെ മാരകമാണ്.

## അകിടുവീക്കം

കറവയാടുകളിൽ കാണപ്പെടുന്ന ഒരു സാധാരണമായ രോഗമാണ് അകിടുവീക്കം. കൂടുതൽ പാൽ ഉദ്പാദിപ്പിക്കുന്ന ആടുകളിലാണ് ഇത് കൂടുതലായി ഉണ്ടാകുന്നത്. പാൽ കെട്ടിനിൽക്കുക, സൂക്ഷ് മാണുക്കൾ കറവക്കാരനിലൂടെയോ, പാൽപാത്രങ്ങളിലൂടെയോ, അകിടിൽ പ്രവേശിക്കുക എന്നതിൽനിന്നൊക്കെയാണ് രോഗം ഉടലെടുക്കുന്നത്.

**ലക്ഷണങ്ങൾ** : അകിട് നീര് വന്ന് വീർത്ത്, ഇളം ചുവപ്പ് നിറത്തിൽ കാണപ്പെടുക, അകിടിൽ തൊടു മ്പോൾ ആട് വേദനയുടെ ലക്ഷണങ്ങൾ കാണിക്കുക, കറന്നെടുത്തപാലിൻെറ നിറവ്യത്യാസം, കട്ടകൾ കാണപ്പെടുക, ഗന്ധത്തിനുവ്യത്യാസമുണ്ടാകുക എന്നിവയാണ് പ്രത്യക്ഷ ലക്ഷണങ്ങൾ. ചികിത്സ തേടാതിരുന്നാൽ പാലുദ്പാദനം പാടെ നിൽക്കുകയും, അകിടു ചീഞ്ഞുപോകുകയോ വരെ ഉണ്ടായേക്കാം.